കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൂർക്കനാട് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സ്റ്റേറ്റ് ഓഡിറ്റ്, ജില്ലാ ഓഡിറ്റ് കാര്യാലയം. മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.2500/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

തീയതി.01-10-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മൂർക്കനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- മൂർക്കനാട് ഗ്രാമപഞ്ചായത്ത് 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

ഡെപ്യൂട്ടി ഡയറക്ടർ
വിശ്വസ്തതയോടെ,

പകർപ്പ് :
1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം27/2500/2016

തിയ്യതി:01-10-2016

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 7.7.2015 മുതൽ 21.8.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.യു ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.8.16 മുതൽ 29.8.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ.ജലീൽ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. റിഷിൽ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അബ്ദുൽ ഗഫൂർ.സി | ,, |
| | | ശ്രീ. മൂസ്സ.ഇ | ,, |
| | | ശ്രീ.ഷജീർ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | | | ശ്രീമതി. എം.ടി സലീന | 1.4.2015മുതൽ 31.10.2015വരെ |
| | | | | 1.11.2016 മുതൽ 18.11.2016 വരെ അഡ്മിനിസ്ട്രേറ്റീവ് സമിതി |
| | | | ശ്രീ.രാജഗോപാലൻ | 19.11.2015മുതൽ 31.3.2016 വരെ |
| സെക്രട്ടറി | : | | ശ്രീമതി. | 1.4.2015 മുതൽ 27.7.2015 വരെ |
| | | | ശ്രീ.ഹബീബ്.വി.എച്ച് | 28.7.2015മുതൽ 31.7.2015വരെ |
| | | | ശ്രീ.വൈ.ഷാജഹാൻ | 1.8.2015മുതൽ12.8.2015വരെ (സെക്രട്ടറിയുടെ അധിക ചുമതല) |
| | | | ശ്രീമതി. ഡി.എസ്.ആദില | 13.8.2015മുതൽ 31.12.2015വരെ |

| | | | | |
|---|---|---|---|---|
| | | | ശ്രീമതി.സുമഭായ് അമ്മ | 1.1.2016 മുതൽ 6.2.2016വരെ |
| | | | ശ്രീ.എം.രാകേഷ് മോഹൻ | 6.2.2016 മുതൽ 31.3..2016വരെ(സെക്രട്ടറിയുടെ അധിക ചുമതല) |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| അസിസ്റ്റന്റ്സെക്രട്ടറി | | | ശ്രീ.വൈ.ഷാജഹാൻ | 1.4.2015മുതൽ 21.8.2015വരെ |
| | | | | 21.8.2015-30.8.2015. ആർക്കും ചുമതലയില്ല |
| | | | ശ്രീമതി.സുമഭായ് അമ്മ | 31.8.2015മുതൽ 6.2.2016വരെ |
| | | | | 7.2.2016-4.3.2016 ആർക്കും ചുമതലയില്ല |
| അസിസ്റ്റന്റ് സെക്രട്ടറി | | | ശ്രീകുമാർ.എ | 5.3.2016മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | | | റജീന വാസുദേവൻ | 1.4.2015മുതൽ 31.3.2016വരെ |
| വി.ഇ.ഒ | | | ശ്രീ.രാജു പടുവിൽ | 29.4.2015മുതൽ 31.3.2016വരെ |
| | | | ശ്രീ. ഷംനാദ് | 01-04-2015 മുതൽ 28-04-2015 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | | ശ്രീമതി. സഫിയ.പി | 1.4.2015മുതൽ 10.9..2105വരെ |
| | | | ശ്രീ.ആയിഷ.പി | 11.9.2015 മുതൽ 12.1.2016 വരെ |
| | | | ശ്രീമതി. കദീജ.ഇ.എം | 13.1.2016 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | | | ഡോ.മുജീബ് റഹ്മാൻ | 1.4.2015മുതൽ 31.3.2016വരെ |
| അസി.എഞ്ചിനീയർ | | | ശ്രീമതി. സിജിമോൾ ഇ.ടി | 1.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ | | | ഡോ.സലീന പടിക്കൽ | 1.4.2015മുതൽ 3.6.2015വരെ |
| | | | ഡോ: സുരയ്യ | 4.6.2015 മുതൽ 30.6.2015 വരെ |
| | | | | 01-07-2015 മുതൽ 14-07-2015വരെ ആർക്കും ചുമതലയില്ല |
| | | | ഡോ. നൗഷാദ് | 15.7.2015 മുതൽ 31.12.2015 വരെ |
| | | | ഡോ: മുഹമ്മദ് ഫസൽ | 1.1.2016 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | | ഡോ.ഷംസാദ് | 1.4.2015മുതൽ 31.3..2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1. | |
| 2 | വാർഷികധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു. | 2.1 | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2.2 | |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2.3 | |
| 15 | ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. | 2.4 | |
| | ഭാഗം 3 | | |
| 16 | പ്രവൃത്തി നടപ്പാക്കിയില്ല. 42ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു. | 3.1 | |
| 17 | പൂവക്കുഴി എസ്.സി കോളനി നടപ്പാത നിർമ്മാണം-അധിക ചെലവ് | 3.2 | |
| 18 | സംരക്ഷണ ഭിത്തിയുടെ Middle belt, Top belt എന്നിവയ്ക്ക് അധിക തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. | 3.3 | |
| 19 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തത് | 3.4 | |
| 20 | വാട്ടർ ടാപ്പുകളുടെ വെള്ളക്കരം അടച്ചത്-സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3.5 | |
| 21 | പ്രവർത്തിപ്പിക്കാത്ത ബാങ്ക് അക്കൗണ്ടുകളിൽ വെറുതെ കിടക്കുന്ന പണം 5,78,252/- രൂപ | 3.6 | |
| 22 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ മുഴുവൻ ചെയ്യാത്തതിനാൽ പദ്ധതികൾ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നില്ല | 3.7 | |
| 23 | പശ്ചിമ ഘട്ട നീർത്തട വികസന പദ്ധതി. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല | 3.8 | |
| 24 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3.9 | |
| 25 | ഭവന നിർമ്മാണം. ഗുണഭോക്താക്കൾ കരാർ രജിസ്റ്റർ ചെയ്തില്ല | 3.10 | |
| 26 | ഭവന നിർമ്മാണം. സർക്കാർ നിബന്ധനകൾ പാലിച്ചില്ല | 3.11 | |
| | ഭാഗം 4 | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1. | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3. | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4. | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5. | |
| 32 | ഓഡിറ്റ് റിക്കവറി | 4-6. | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7. | |

| | | | |
|---|---|---|---|
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 18.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 14-07-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

*അനുബന്ധ പത്രികകൾ ചേർത്തിട്ടുണ്ട്.*

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 50690510

വരവ് - 32102917

ആകെ - 82793427

ചെലവ് - 41609257

നീക്കിയിരിപ്പ്- 41184170

## 1-5-(1) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6286583 | 8323014 | 14609597 | 9816368 | 4793229 (ലാപ്സ്ഡ്) | 67.19 |
| വികസനഫണ്ട് എസ്.സി.പി. | 2116200 | 1210771 | 3326971 | 1747507 | 1579464(ലാപ്സ്ഡ് ) | 52.52 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 1220504 | 3340913 | 4561417 | 4651917 | (-)90500 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1679981 | 358185 | 2038166 | 1947666 | 90500 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4350751 | 6078829 | 10429580 | 5069485 | 5360095(ലാപ്സ്ഡ്) | 48.60 |
| പെർഫോമൻസ് ഗ്രാന്റ് | 2241105 | 1091913 | 3333018 | 1949563 | 1383455(ലാപ്സ്ഡ്) | 58.49 |
| എം.എൻ.ആർ.ഇ.ജി.എസ്. | 49748 | 9845021 | 9894769 | 9892622 | 2147 | 99.97 |
| ബി ഫണ്ട് | 0 | 36117663 | 36117663 | 36117663 | 0 | 0 |

വാർഷിക കണക്കിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ഒഴികെയുള്ള നീക്കിയിരിപ്പുകകൾ കാണിച്ചിട്ടില്ല.

## 1-5(2) പ്രവൃത്തിപ്പിക്കാത്ത ബാങ്ക് അക്കൗണ്ടുകളിൽ വെറുതെ കിടക്കുന്ന പണം 5,78,252/-രൂപ

പഞ്ചായത്ത് വിവധ ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്..അക്കൗണ്ടുകൾ ദീർഘകാലമായി വെറുതെ കിടക്കുന്നതിനാൽ അവ ക്ളോസ് ചെയ്ത് എവിടെ നിന്നാണോ പണം ലഭിച്ചത് പ്രസ്തുത ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പ്ര | അവസാനം നടത്തിയ തീയ്യതി | ബാക്കി നിൽക്കുന്ന തുക,തീയ്യതി |
|---|---|---|---|---|
| 1 | കുറുപ്പത്താൽ കോഓപ്പറേറ്റീവ് ബാങ്ക്(സാക്ഷരത) | 1125 | 17-7-2006 | 25,347/-(31-3-16 ന്) |
| 2 | എം.ഡി.സി. (ഇ.എം.എസ്.ഭവന പദ്ധതി) | 6 | 31-3-2011 | 40,687/-(30-3-16) |
| 3 | എം.ഡി.സി. (എം.എൻ.ലക്ഷം വീട്പദ്ധതി) | 7 | 26-3-2011 | 5,12,218/-(30-3-2016) |
| ആകെ | | | | 5,78,252 |

മേൽകാണിച്ച അക്കൗണ്ടുകൾ ക്ലോസ് ചെയ്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6. പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 180 | 62159836 | 115 | 28759598 | 0 | 65 | 46.26 |

പദ്ധതി ചെലവ് യഥാർത്ഥത്തിൽ 27656754 രൂപ (44.49%) മാത്രമാണ്. വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിച്ച തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. എങ്കിലും ആയത് പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയതിനാലാണ് പദ്ധതി ചെലവ് 28759598 എന്ന് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത്. പദ്ധതി ചെലവ് കുറഞ്ഞ് പോയതിനാൽ വരും വർഷങ്ങളിൽ ഫണ്ട് അനുവദിക്കുമ്പോൾ ഷോർട്ട് ഫാൾ ഉണ്ടാവും. തുടർ വർഷങ്ങളിൽ പദ്ധതി ചെലവ് വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 20.70 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7126520 | 5994785 | 1131735 | (-)15.88 |
| നികുതിയേതര വരവുകൾ | 2600567 | 718053 | 882514 | (-)33.94 |
| മറ്റുവരവുകൾ | - | - | - | |
| ആകെ | 9727087 | 7712838 | 2014249 | 20.70 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 155760 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 2723640 | 318 |
| വിധവാപെൻഷൻ | 16664680 | 1592 |
| വാർദ്ധക്യകാലപെൻഷൻ | 10938510 | 1327 |
| വികലാംഗപെൻഷൻ | 4614700 | 432 |
| അവിവാഹിത പെൻഷൻ | 597606 | 56 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.8.16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22006രൂപ

നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വി,ഇ,ഒ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള TR7A മാതൃകയിലുള്ള കാഷ് ബുക്ക് അല്ല ഉപയോഗിച്ച് വരുന്നത്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയിട്ടില്ല.

ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിങ് അപൂർവ്വമായി മാത്രമാണ് ചേരുന്നത്. 1.7.2014 ൽ യോഗം ചേർന്നതിന് ശേഷം 18.1.2016 ന് മാത്രമാണ് സ്റ്റാഫ് യോഗം ചേർന്നിട്ടുള്ളത്.

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.6.2016. മുതൽ 14.6..2016 വരെ | ഏപ്രിൽ 2016, മെയ് 2016 | 5.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.8.2008-10.9.2008 | 1997-98 to 2007-08 | 21.10.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവനക്കാരുടെ ശമ്പളം കുറവായി കാണിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമായ തഖ്‌വ ഇംഗ്ലീഷ് സ്കൂൾ , കൊളത്തൂർ, ജീവനക്കാരുടെ ശമ്പളം വളരെ കുറവായി രേഖപ്പെടുത്തിയാണ് തൊഴിൽ നികുതി റിട്ടേൺ സമർപിച്ചിട്ടുള്ളത് . പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.2.2011 ലെ GO(ms)36/11 നമ്പർ ഉത്തരവ് പ്രകാരം അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം ചുവടെ കാണും പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.

| തസ്തിക | മിനിമം വേതനം |
|---|---|
| ഹെഡ് മാസ്റ്റർ | 7000 |
| ഹൈസ്കൂൾ അധ്യാപകർ | 6000 |
| പ്രൈമറി അധ്യാപകർ | 5000 |
| ക്ലാർക്ക് | 4000 |
| പ്യൂൺ | 3500 |

എന്നാൽ 2015-16 ഒന്നാം അർദ്ധവർഷത്തിൽ പോലും മുകളിൽ കാണിച്ചതിലും വളരെ കുറഞ്ഞ നിരക്കിലുള്ള ശമ്പളമാണ് പ്രസ്തുത സ്കൂൾ ജീവനക്കാർക്ക് നൽകിയതായി റിട്ടേണുകളിൽ കാണിച്ചിട്ടുള്ളത്.

പ്രസ്തുത സ്ഥാപനത്തിലെ 9 ജീവനക്കാരിൽ നിന്നും 120 രൂപ നിരക്കിൽ ആകെ 1080 രൂപ മാത്രമാണ് 2015-16 ഒന്നാം അർദ്ധവർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതിയായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി - 11 /27-8-2016 ന് മറുപടി നൽകിയിട്ടില്ല.

തൊഴിൽ നികുതി ചട്ടം 10 പ്രകാരം തെറ്റായ റിട്ടേണുകൾ സമർപ്പിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ കൈകൊള്ളാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ ശരിയായ ശമ്പളം കാണിച്ചുള്ള റിട്ടേണുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും, അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി - 11 /27-8-2016 ന് മറുപടി നൽകിയിട്ടില്ല.

| പേര് | സ്ഥാപനം | തസ്തിക | അർദ്ധ വർഷം | റിമാർക്സ് | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| കെൻസുദ്ധീൻ | CHC മങ്കട | HI Gr II | 2015-16 ഒന്നാം | Transfer on 12.6.15 | അർദ്ധ വാർഷിക വരുമാനം അനുസരിച്ച് |
| സജി. കെ. ഫിലിപ് | വെറ്റിനറി ഡിസ്പെൻസറി , കൊളത്തൂർ | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 2015-16 ഒന്നാം | Transfer on 12.6.15 | “ |
| ജാബിർ | ഫ്ലോറ ഫാന്റസിയ അമ്യൂസ്മെന്റ് പാർക്ക്, വെങ്ങാട് | മെക്കാനിക്കൽ സൂപ്രണ്ട് | 2015-16 രണ്ടാം | Relieved on 4.12.2015 | “ |
| സുമേഷ്.വി | ഫ്ലോറ ഫാന്റസിയ അമ്യൂസ്മെന്റ് പാർക്ക്, വെങ്ങാട്2015-16 രണ്ടാം | വെൽഡർ | 2015-16 രണ്ടാം | Relieved on 3.12.2015 | “ |
| അഫ്സൽ. ടി.പി | ഫ്ലോറ ഫാന്റസിയ അമ്യൂസ്മെന്റ് പാർക്ക്, | വെൽഡർ | 2015-16 രണ്ടാം | Relieved on 3.1.2016 | “ |

| | | | | | |
|---|---|---|---|---|---|
| | വെങ്ങാട് | | | | |
| രഞ്ജിത് കുമാർ ഒ.പി | ഫ്ലോറ ഫാന്റസിയ അമ്യൂസ്മെന്റ് പാർക്ക്, വെങ്ങാട് | പ്ലംബർ | 2015-16 രണ്ടാം | Relieved on29.1.2016 | “ |
| അൻവർ സാദിഖ് | ഫ്ലോറ ഫാന്റസിയ അമ്യൂസ്മെന്റ് പാർക്ക്, വെങ്ങാട് | സ്റ്റാഫ് | 2015-16 രണ്ടാം | Relieved on 9.2.2016 | “ |

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി - 11 /27-8-2016 ന് മറുപടി നൽകിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| തഖ്വ ഇംഗ്ലീഷ് സ്കൂൾ , കൊളത്തൂർ | 2015-16 ഒന്നും രണ്ടും അർദ്ധ വർഷം |
| ഇർഷാദിയ്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ , കൊളത്തൂർ | 2015-16 ഒന്നും രണ്ടും അർദ്ധ വർഷം |

## 2-4 ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല

2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം ബിൽഡിങ് പെർമിറ്റ് ഫീ ഇനത്തിൽ 122585 രൂപ വരവുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 11/28-8-2016 ന് മറുപടി നൽകുകയോ ബിൽഡിങ് പെർമ്മിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കുകയോ ചെയ്തിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നടപ്പാക്കിയില്ല - 42ലക്ഷം രൂപ മുടങ്ങിക്കിടക്കുന്നു

പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്കായി, 2011-12,2012-13,2013-14 എന്നീ വർഷങ്ങളിൽ, 42,12,000/-രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നമ്പ്ര് | പദ്ധതി നമ്പ്ര് | പദ്ധതിയുടെ പേര് | വർഷം | വൗച്ചർ നമ്പ്ര്,തീയ്യതി | തുക |
|---|---|---|---|---|---|
| 1 | 62/11-12 | കടന്നമ്പറ്റ എസ്.സി.കോളനി കു.പ. | 2011-12 | 66/21.3.12 | 3,37,500 |

| | | | | | |
|---|---|---|---|---|---|
| | ,, | ,, | 2012-13 | 172/27.3.13 | 4,46,911 |
| | ,, | ,, | 2013-14 | 57/21.11.13 | 2,44,589 |
| 2 | 63/11-12 | പൂവ്വക്കുഴി എസ്.സി.കോളനി കു.പ. | 2011-12 | 67/21.3.12 | 3,15,000 |
| | ,, | ,, | 2012-13 | 174/30.3.13 | 3,63,375 |
| | ,, | ,, | 2013-14 | 55/21.11.13 | 6,41,625 |
| 3 | 138/11-12 | നമ്പിടികുന്ന് കു.പ. | 2011-12 | 65/21.3.12 | 4,50,000 |
| | ,, | ,, | 2013-14 | 56/21.11.13 | 7,63,000 |
| 4 | 137/11-12 | കരുവള്ളിക്കുന്ന് കു.പ. | 2011-12 | 68/21.3.13 | 5,00,000 |
| | ,, | ,, | 2012-13 | 173/27.3.13 | 1,50,000 |
| ആകെ | | | | | 42,12,000 |

പദ്ധതി നാളിതുവരെ പ്രവർത്തന ക്ഷമമാക്കാത്തത് ചൂണ്ടിക്കാണിച്ച് 28-1-2015 ലെ ഒന്നാം നമ്പ്ര് തീരുമാനപ്രകാരം വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതിന്,വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയർ 7-4-15 ലെ DBS/DW/Moorkkanad/12-13 പ്രകാരമുള്ള മറുപടിയിൽ,മേൽ കാണിച്ചിരിക്കുന്ന പദ്ധതികൾ സാങ്കേതികമായി അനിയോജ്യമല്ലാത്തതിനാൽ,മൂർക്കനാട് ത്വരിത ഗ്രാമീണ ജല വിതരണ പദ്ധതിയിൽ നിന്നും പൈപ്പുകൾ നീട്ടി താഴെ കൊടുത്തിരിക്കുന്ന കോളനികളിൽ ജലവിതരണം നടത്താൻ സാധ്യമാവുമെന്നും,ഇതിനായി താഴെ കാണും പ്രകാരമുള്ള ഒരു അടങ്കൽ വാട്ടർ അതോറിറ്റി പഞ്ചായത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പ്ര് | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | പൂവ്വക്കുഴി എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 2,20,000 |
| 2 | നമ്പിടികുന്ന്എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 1,65,000 |
| 3 | കരുവള്ളിക്കുന്ന്എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 4,80,000 |
| 4 | കടന്നമ്പറ്റഎസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 2,90,000 |
| ആകെ | | 11,55,000 |

എന്നാൽ 27-4-2015 ലെ 5(2) തീരുമാനപ്രകാരം,വാട്ടർ അതോറിറ്റിക്ക് ആകെ അടച്ച 42,12,000/-രൂപ അടവാക്കിയ തീയ്യതി മുതൽ നാളിതുവരെയുള്ള കാലത്തേക്ക് 18% പലിശകണക്കാക്കി ആയത് അടവാക്കുന്നതിനും, പുതുക്കിയ അടങ്കൽ പ്രകാരമുള്ള തുക 11,55,000/-കിഴിച്ച് ബാക്കി തുക 30,57,000/-രൂപ പഞ്ചായത്തിൽ അടവാക്കുന്നതിനായി വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയറെ അറിയിക്കുന്നതിനും തീരുമാനിച്ചു.

28-01-2005 ലെ KWA/FM/DW/2001 പ്രകാരമുള്ള,കേരളാ വാട്ടർ അതോറിറ്റിയുടെ സർക്കുലർ അനുസരിച്ച്,ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ച്,വിശദമായ അടങ്കൽ തെയ്യാറാക്കി,ഭൂമി കൈമാറി,വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ച്,ഭരണാനുമതിയും,സാങ്കേതികാനുമതിയും, ലഭിച്ചതിന് ശേഷം മാത്രമേ ഇത്തരം പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാവൂവെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ,താഴെ കാണിച്ചിരിക്കുന്ന വിവരങ്ങൾക്ക് മറുപടി ആരാഞ്ഞ് 1/25-8-2016 പ്രകാരം സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകിയരുന്നു.

1)കേരളാ വാട്ടർ അതോറിറ്റിയുടെ 28-01-2005 ലെ KWA/FM/DW/2001 പ്രകാരമുള്ള സർക്കുലറിൽ പറയും

പ്രകാരമാണോ തുക നിക്ഷേപിച്ചത്?

2)പ്രവൃത്തി പ്രവർത്തനക്ഷമമാകാത്തതിനാൽ,27-4-2015 ലെ 5(2) തീരുമാനപ്രകാരം പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

3)പുതുക്കിയ അടങ്കൽ പ്രകാരമുള്ള 11,55,000/-രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയോ ? ആയത് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ ?

പ്രസ്തുത എൻക്വയറിക്ക് 26-8-2016 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ,കേരളാ വാട്ടർ അതോറിറ്റിയുടെ 28-01-2005 ലെ KWA/FM/DW/2001 പ്രകാരമുള്ള സർക്കുലറിൽ പറയും പ്രകാരമല്ല തുക അടവാക്കിയതെന്നും,പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും,പുതുക്കിയ അടങ്കൽ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

എന്നാൽ 28-01-2005 ലെ സർക്കുലറിന് വിരുദ്ധമായി വൻതുക വാട്ടർ അതോറിറ്റിക്ക് തുക നിക്ഷേപിച്ച അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും 18% പലിശ വസൂലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പൂവക്കുഴി എസ്.സി കോളനി നടപ്പാത നിർമ്മാണം-അധിക ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

1)പ്രൊജക്റ്റ് നം - 59/16

കരാറുകാരൻ - N. അഷറഫ്

ബിൽ നം - 17/17.10.15

മൂല്യനിർണ്ണയ തുക - 353944

M book - 50/15-16

മേൽ പ്രവൃത്തിയുടെ ഭാഗമായി 95 മീറ്റർ നീളത്തിൽ 0.50 മീറ്റർ വീതിയിൽ ഇരുവശങ്ങളിലും സംരക്ഷണഭിത്തി കെട്ടി പാത് വേയിൽ 60-70 cm കനത്തിൽ മണ്ണ് നിറച്ച് അതിന് മുകളിലായി 0.90 മീറ്റർ വീതിയിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിലും നടത്തിയിട്ടുണ്ട്.

3 മീറ്ററിൽ കുറവായ (വീതി) നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിലും നടത്തിയാൽ മതി എന്നിരിക്കെ 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിൽ നടത്തിയത് വഴി താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്. ഇവിടെ 1 മീറ്റർ പോലും വീതിയില്ലാത്ത നടപ്പാതയായിട്ടും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിൽ അനുവദിച്ചത് ക്രമപ്രകാരമല്ല. കൂടാതെ ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD കത്ത് പ്രകാരം നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിലും നടത്തിയാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

<u>അധിക ചെലവ്</u>

10*0.90*0.025=0.225

10*0.90*0.025=0.225

10*0.90*0.025=0.225

10*0.90*0.025=0.225

10*0.90*0.025=0.225

10*0.90*0.025=0.225

10*0.90*0.025=0.225

10*0.90*0.025=0.225

15*0.90*0.025=0.337

Total-2.137 m3

2.137 m3 * 72.50 / 10dm3 = 15493

പ്രവൃത്തിയിലുണ്ടായ അധിക ചെലവ് ഉത്തരവാദിയായ AE,AEE എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 സംരക്ഷണ ഭിത്തിയുടെ Middle belt, Top belt എന്നിവയ്ക്ക് അധിക തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

2015-16 വർഷത്തിൽ പഞ്ചായത്തിൽ ചെയ്ത സംരക്ഷണ ഭിത്തി / ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തികളിൽ സംരക്ഷണ ഭിത്തി/ ചുറ്റുമതിൽ എന്നിവയുടെ top belt/middle belt എന്നിവയ്ക്ക് KPWD ഡാറ്റപ്രകാരം ചെയ്തപ്രവൃത്തികളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തതായാണ് കാണുന്നത്. Middle belt, Top belt നിർമ്മാണത്തിന് 1:3:6 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് മതി എന്നിരിക്കെ belt നിർമ്മാണത്തിന് 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് (10 cm കനത്തിൽ) കോൺക്രീറ്റ് ചെയ്തത് അധിക ചെലവിനു കാരണമായിട്ടുണ്ട്.

KPWD ഡാറ്റപ്രകാരം 1:3:6 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിന് നൽകാവുന്ന നിരക്ക്- 65/10dm3 (CP&OH(15% ഉൾപ്പെടെ)

KPWD ഡാറ്റപ്രകാരം 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റിന് നൽകിയ നിരക്ക്

- 72.50/10dm3 (CP&OH(15% ഉൾപ്പെടെ)

അധികം നൽകിയ നിരക്ക് - 72.50/10dm3 - 65/10dm3 = 7.50/10dm3

| ക്രമ നം | പ്രവൃത്തിയുടെ വിവരം | Top belt പ്രവൃത്തി വിവരം | അധികം നൽകിയ തുക(രൂ) |
|---|---|---|---|
| 1 | പൊതു ശ്മശാനം കെട്ടിടം-ചുറ്റുമതിൽ നിർമ്മാണം(81/16)<br>കരാറുകാരൻ- ശ്രീ അർഷാദ് അജ്ജു.N<br>ചെക്ക് നം- 2830569/14.1.16<br>തുക-1009899<br>M.B.No.66/13-14 | ഇനം നം.3<br>9.822m3 | 7367<br>(9.822m3 * 7.50/10dm3) |
| 2 | വെറ്റിനറി സബ്സെന്റർ റോഡ് | ഇനം നം.3 | 2120 |

| | | | |
|---|---|---|---|
| | അഭിവൃദ്ധിപ്പെടുത്തൽ(79/16)<br>കരാറുകാരൻ- ശ്രീ മുഹമ്മദ് ജുറൈജ്<br>ബിൽ നം.24/27.2.16<br>തുക -138879<br>M.B.No.25/14-15 | 2.827m3 | (2.827m3 * 7.50/10dm3) |
| | | | 9487 |

ആകെ അധികം -രൂ.9487

ഇത്തരത്തിലുള്ള അധിക ചെലവുകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തത്

30-05-2009 -ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത കുടിവെള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ വാട്ടർ അതോറിറ്റി ഗ്രാമ പഞ്ചായത്തിന് കൈമാറിയ മുണ്ടുമ്മൽ കുന്ന് കുടിവെള്ള പദ്ധതി, ചെറുകുഴി കുടിവെള്ള പദ്ധതി എന്നിവ നാളിത് വരെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയിട്ടില്ല. ചെലവ് രേഖകൾ പരിശോധിച്ചതിൽ, മേൽ പദ്ധതികളുടെ നടത്തിപ്പിനായി ഓഡിറ്റ് കാലയളവിൽ തനത് ഫണ്ടിൽ നിന്നും 337786 രൂപ ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കുടിവെള്ള പദ്ധതിയുടെ പേര് | വർഷം | ചെലവായ തുക | | ആകെ |
|---|---|---|---|---|
| | | വൈദ്യുതി ചാർജ്ജ് | പമ്പ് ഓപ്പറേറ്റർക്കുള്ള വേതനം | |
| മുണ്ടുമ്മൽ കുന്ന് കുടിവെള്ള പദ്ധതി | 2015-16 | 128655 | 54480 | 183135 |
| ചെറുകുഴി കുടിവെള്ള പദ്ധതി | ,, | 118051 | 36600 | 154651 |
| ആകെ | | 246706 | 91080 | 337786 |

മേൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള വേണ്ട നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 വാട്ടർ ടാപ്പുകളുടെ വെള്ളക്കരം അടച്ചത്-സംയുക്ത പരിശോധന നടത്തിയിട്ടില്ല.

4/15 മുതൽ 3/16 വരെ പ്രതിമാസം 58625 രൂപ വീതം ആകെ 703500 രൂപ വാട്ടർ അതോറിറ്റിക്ക്

വെള്ളക്കരമിനത്തിൽ ( 134 ടാപ്പുകൾ) വെള്ളക്കരമിനത്തിൽ അടച്ച് വരുന്നുണ്ട്.സ.ഉ.(സാ)നം.1275/2009 /ത.സ്വ.ഭ.വ. 30-05-2009 ഉത്തരവിലെ ഖണ്ഡിക 2-2 പ്രകാരം,ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകേണ്ടതുള്ളൂവെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ,ജി.ഒ.(ആർ.ടി.)2242/2011 /ത.സ്വ.ഭ.വ.,28-09-2011 പ്രകാരം,സംയുക്ത പരിശോധന നടത്താത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,ആയതിന് വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകേണ്ടതും,ആയത് വിവരം പഞ്ചായത്ത് ഡയറക്ടർക്ക് നൽകേണ്ടതുമാണ്.സംയുക്ത പരിശോധനക്ക് ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി ആയത് നടത്താത്ത സ്ഥാപനങ്ങളുടെ വെള്ളക്കരക്കുടിശ്ശിക ഗ്രാന്റുകളിൽ നിന്നും പിടിച്ച് അടവാക്കുന്നതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ നാളിതുവരെയായിട്ടും വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതായി കാണുന്നില്ല.ആയതിനാൽ സംയുക്ത പരിശോധന നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ മുഴുവൻ ചെയ്തില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ മുഴുവൻ ചെയ്തിട്ടില്ല.

| പ്രവൃത്തി | തുക | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തികൾ | പ്രവൃത്തിയിൽ ചെയ്തത് |
|---|---|---|---|
| കരുവള്ളിക്കുന്ന് അംഗനവാടി കെട്ടിട നിർമ്മാണം | 900000 | 1)കുഴൽ കിണർ നിർമ്മാണം<br>2)കെട്ടിട നിർമ്മാണം<br>3)കുടിവെള്ള-പ്ലംബിംഗ് പ്രവർത്തികൾ<br>4)ഇലക്ട്രിഫിക്കേഷൻ | 349968 രൂപ ചെലവിൽ കെട്ടിട നിർമ്മാണം മാത്രം പൂർത്തിയാക്കി. |
| പാറമ്മലങ്ങാടി അംഗനവാടി കെട്ടിട നിർമ്മാണം | 900000 | 1)കുഴൽ കിണർ നിർമ്മാണം<br>2)കെട്ടിട നിർമ്മാണം<br>3)കുടിവെള്ള-പ്ലംബിംഗ് പ്രവർത്തികൾ<br>4)ഇലക്ട്രിഫിക്കേഷൻ | 408458 രൂപ ചെലവിൽ കെട്ടിട നിർമ്മാണം മാത്രം പൂർത്തിയാക്കി |
| കിഴക്കേക്കര അംഗനവാടി കെട്ടിട നിർമ്മാണം | 900000 | 1)കുഴൽ കിണർ നിർമ്മാണം<br>2)കെട്ടിട നിർമ്മാണം | 758084 രൂപ ചെലവിൽ കെട്ടിട നിർമ്മാണം |

| | | | |
|---|---|---|---|
| | | 3)കുടിവെള്ള-പ്ലംബിംഗ് പ്രവർത്തികൾ<br>4)ഇലക്ട്രിഫിക്കേഷൻ | മാത്രം പൂർത്തിയാക്കി |

പ്രവൃത്തികളിൽ കുഴൽകിണർ നിർമ്മാണം , ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികൾ കൺവീനർ പ്രവൃത്തികളായി ആയി നടപ്പാക്കിലാക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചതായി മേൽ പ്രവൃത്തികളുടെ ഫയലിൽ കാണുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട മറ്റുപ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. കൂടാതെ അംഗനവാടികൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-7 പശ്ചിമ ഘട്ട നീർത്തട വികസന പദ്ധതി. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

ബിൽ 2/20.2.2016 തുക – 305400

ചെക്ക് 1297242/12.2.2016 തുക - 76350

ആകെ 381750

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പശ്ചിമ ഘട്ട നീർത്തട വികസന വികസന പദ്ധതി-പത്ത് ശതമാനം പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതി (പ്രൊജക്ട് 16/16) പ്രകാരം 381750 രൂപ പദ്ധതിക്കായി മൂർക്കനാട് സർവ്വീസ് സഹകരണ ബാങ്കിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെയും കൃഷി ഓഫീസറുടെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിലേക്ക് (നമ്പർ 3256) കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ ചെലവ് വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2012-13 മുതൽ 2014-15 വരെ മൂന്ന് വർഷക്കാലത്തേക്കായി വിഭാവനം ചെയ്ത പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ ചേർക്കുന്നു.

| വർഷം | സംസ്ഥാന സർക്കാർ വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം (10%) | ഗുണഭോക്തൃ വിഹിതം (10%) | ആകെ |
|---|---|---|---|---|
| 2012-13 | 1858000 | 232250 | 232250 | 2322500 |
| 2013-14 | 3938000 | 492250 | 492250 | 4922500 |
| 2014-15 | 3054000 | 381750 | 381750 | 3817500 |
| ആകെ | 8850000 | 1106250 | 1106250 | 11062500 |

പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് ആകെ 1106250 രൂപ നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതവും യഥാസമയം ലഭ്യമായിട്ടുണ്ട്. 31.3.2016 ൽ ചെലവ് കഴിച്ച് 3694346 രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3-8 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രൊജക്ട് 43/2016

ബിൽ 1/1.7.2015 തുക 1430000

ബിൽ 5/1.8.2015 തുക 360000

ബിൽ 6/28.3.2016 തുക 110000

ചുവടെ കാണിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി ഏതാനും ഗഡു ധന സഹായം കൈപറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപറ്റിയിട്ടില്ല. ഈ ഗുണഭോക്താക്കളെല്ലാം തന്നെ ഒരു വർഷത്തിലേറെയായി പ്രവൃത്തിയൊന്നും നടത്തിയിട്ടില്ലെന്ന് മനസ്സിലാവുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും, പൂർത്തീകരണ വിവരം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം കൈപറ്റിയ മുൻകൂർ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ പേര് കൈപറ്റിയ തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപറ്റിയ തുക | അവസാനം തുക കൈപറ്റിയത് |
|---|---|---|
| പാത്തുമ്മക്കുട്ടി.പിഎം | 100000 | 23.4.15 |
| വേലമ്മ കരുവാട്ടിൽ | 100000 | 5.8.15 |
| സുജിത തൊഴുത്തും പറമ്പിൽ | 100000 | „ |
| ബീവി ഉത്തരത്തിൽ പള്ളിയാലിൽ | 90000 | „ |
| ബീവി മൂത്തേതൊടി | 130000 | „ |
| അലി കൊളങ്ങരതൊടി | 100000 | „ |
| ഹുസൈൻ വാഴയിൽ | 60000 | 23/04/15 |
| ഗീതാലക്ഷ്മി കരണക്കോട്ടിൽ | 100000 | 5.8.2015 |
| മുഹമ്മദ് ബഷീർ പൊട്ടാച്ചോല | 100000 | „ |
| കിഷോർ രാജ് മേലേ പറമ്പത്ത് | 100000 | „ |
| സുധ UP | 100000 | „ |

## 3-9 ഭവന നിർമ്മാണം. ഗുണഭോക്താക്കൾ കരാർ രജിസ്റ്റർ ചെയ്തില്ല

GO(MS)362/13 ത.സ്വ.ഭ.വ16.11.2013 നമ്പർ പ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്താക്കൾക്ക് ധന സഹായം നൽകുമ്പോൾ നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യപ്പെടുകയോ ഇല്ലെന്നുള്ളത്, തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. എന്നാൽ ചുവടെ കാണിച്ച 5ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ച് മുഴുവൻ

തുകയും കൈപറ്റിയിട്ടും മേൽ പരാമർശിച്ച പ്രകാരമുള്ള കരാർ രജിസ്റ്റർ ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് 5/26.8.2016നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത ഗുണഭോക്താക്കളെ കൊണ്ട് കരാർ എഴുതി രജിസ്റ്റർ ചെയ്യിപ്പിച്ച് ആയത് ഉടൻ തന്നെ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസരണം ഗുണഭോക്താക്കളിൽ നിന്ന് കരാർ രജിസ്റ്റർ ചെയ്ത് വാങ്ങിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപറ്റിയ തുക | കുറിപ്പുകൾ |
|---|---|---|
| ഫാത്തിമ തുപ്പൻ താഴത്ത് | 200000 | ആശ്രയ ഗുണഭോക്താവ് |
| ശരീഫ വെളുത്തേങ്ങാടൻ | 150000 | |
| ഷീബ കടന്നമ്പറ്റ | 150000 | |
| ആസ്യ കണ്ണൻതൊടി | 150000 | |
| ജയമണി കിഴക്കേപ്പാട്ട് | 150000 | |

## 3-10 ഭവന നിർമ്മാണം. സർക്കാർ നിബന്ധനകൾ പാലിച്ചില്ല

GO(MS)362/13 ത.സ്വ.ഭ.വ16.11.2013 നമ്പർപ്രകാരമുള്ള 12-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്താക്കൾക്ക് ധന സഹായം നൽകുമ്പോൾ താഴെ കാണിച്ച നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ഭവന നിർമ്മാണത്തിന് ഗുണഭോക്താക്കൾക്ക് ധന സഹായം വിതരണം ചെയ്തപ്പോൾ മേൽ കാണിച്ച നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.

1. ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ വീടില്ല എന്ന് നിശ്ചിത ഫോറത്തിൽ വിവര ശേഖരണം നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.

2. തെരഞ്ഞെടുക്കപ്പെട്ട കുടുംബം ഇപ്പോൾ താമസിക്കുന്ന വീടിന് മുന്നിൽ നിൽകുന്ന ഫോട്ടോ ഉണ്ടായിരിക്കണം. എന്നാൽ അപ്രകാരം ഫോട്ടോ ഫയലിൽ ഇല്ല.

3. ധന സഹായ തുക കരാറിലേർപ്പെട്ട് കഴിഞ്ഞാൽ 10%, തറപ്പണി കഴിഞ്ഞാൽ 30%, ചുമർപണി കഴിഞ്ഞാൽ 30%, മേൽക്കൂര നിർമ്മിച്ചാൽ 30%, മുഴുവൻ പണികളും കഴിഞ്ഞാൽ 10% എന്നിങ്ങനെ അഞ്ച് ഗഡുക്കളായാണ് നൽകേണ്ടത്. എന്നാൽ ഭൂരിഭാഗം ഗുണഭോക്താക്കൾക്കും 4 തവണയായിട്ടാണ് മുഴുവൻ തുകയും നൽകിയിട്ടുള്ളത്. ഏതാനും ചില ഗുണഭോക്താക്കൾക്ക് 3 തവണകളയായി തന്നെ മുഴുവൻ തുകയും നൽകിയിരിക്കുന്നു.

സർക്കാർ നിർദ്ദേശ പ്രകാരം മാത്രം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 175000 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 150000 | ,, | 0 | 150000 |

## 4-2 . ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

:ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

: ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

:ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 38537രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10, 10-11 | 3(10)2 | 20000 | ശ്രീ.കെ.പി. രാമചന്ദ്രൻ, വി.ഇ.ഒ | 11503103511/13.11.15 |
| 2011-12, 12-13 | 3(19) | 6675 | ശ്രീമതി. മാലിനി സി ഡി കൃഷി ഓഫീസർ | 11503103536/18.11.15 |
| 2014-15 | 3-7 | 11862 | ശ്രീ.സുലൈമാൻ. അസിസ്റ്റന്റ് എഞ്ചിനീയർ | 11503103808/3.12.15 |

## 4-7 . സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2005-06 | 6 | കാർഷിക ആവശ്യത്തിന്ട്രാക്ടർ-പദ്ധതി നിർവ്വഹണത്തിലെ അപാകത | നടപടിതുടരുന്നു. |
| ,, | - | ,, | 14 | ഓഫ്സെറ്റ് പ്രസ്സ് | ,, |
| 2001-02 | - | 2004-05 | 5 | പവ്വർ ടില്ലർ സംബന്ധിച്ച് | ,, |
| ,, | - | ,, | 6 | മരാമത്ത് പണി അഡ്വാൻസ് | ,, |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 82793427 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41609257 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15493 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.2 | | 15493 | 7246.50 ശ്രീ.സുലൈമാൻ (അസിസ്റ്റന്റ് എഞ്ചിനീയർ)<br>7246.50 ശ്രീ. ബാബു ചിന്നപ്പൻ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) |
| | ആകെ | 15493 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം : ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ : ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുലൈമാൻ അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | തടത്തിൽ കുന്നേൽ വീട്,<br>വേണ്ടു വഴി കാരുകടം പി.ഒ,<br>കോതമംഗലം.686691. Mob 9447813417 |
| ശ്രീ. ബാബു ചിന്നപ്പൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | „ | |
| ശ്രീമതി ശ്രീന അസിസ്റ്റന്റ് എഞ്ചിനീയർ | „ | ഐശ്വര്യം,<br>രാമപുരം പി.ഒ,<br>മലപ്പുറം. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | എൽ.എഫ്.എം6/181/83/19-7-89/ | 4 | |
| 1980-81 | എൽ.എഫ്.എം6/167/84/19-7-89 | 6 | |
| 81-82 | എൽ.എഫ്.എം6/11451/85/19-7-89 | 12 | |
| 84-85 | എൽ.എഫ്.എം6/150/90/10-5-90 | 13 | |
| 85-86 | എൽ.എഫ്.എം6/1387/90/20-2-91 | 18 | |

| | | | |
|---|---|---|---|
| 86-87,87-88 | എൽ.എഫ്.എം6/642/92/29-8-92 | 20 | |
| 93-94,94-95 | എൽ.എഫ്.എം13/3268/14/16-12-14 | 4 | |
| 96-97 ചെലവ് | എൽ.എഫ്.എം13/3294/14/16-12-14 | 1 | |
| 97-98മുതൽ 01-02 വരെ (ചെലവ്) | എൽ.എഫ്.എം13/3274/14/16-12-14 | 77 | |
| 96-97 (വരവ്) | എൽ.എഫ്.എം13/3270/14/16-12-14 | 3 | |
| 97-98 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം.13/3271/14/16-12-14 | 4 | |
| 98-99 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3295/14/16-12-14 | 4 | |
| 99-2000 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3272/14/16-12-14 | 2 | |
| 2000-01 (പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം13/3273/14/16-12-14 | 4 | |
| 01-02 | എൽ.എഫ്.എം12/2116/07/4-9-08 | 8 | |
| 02-03 | എൽ.എഫ്.എം12/1891/08/29-1-09 | 8 | |
| 03-04 | എൽ.എഫ്.എം12/1892/08/31-1-09 | 25 | |
| 04-05 | എൽ.എഫ്.എം12/1893/08/31-1-09 | 15 | |
| 05-06 | എൽ.എഫ്.എം12/2005/09/5-10-10 | 36 | |
| 06-07 | എൽ.എഫ്.എം12/418/09/21-11-11 | 16 | |
| 07-08 | എൽ.എഫ്.എം12/20/12/9-1-12 | 9 | |
| 08-09 | എൽ.എഫ്.എം12/21/12/9-1-12 | 9 | |
| 09-10-10-11 | എൽ.എഫ്.എം12/1179/4-6-14 | 17 | |
| 11-12-12-13 | എൽ.എഫ്.എം13/1557/14/18-5-15 | 24 | |

| | | | |
|---|---|---|---|
| 13-14 -14-15 | കെ.എസ്.എ.എം.പി.എം.13/1781/15 /09-09-2015 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

# Annexure 2

# Audit certificate

ഓഡിറ്റ് സാക്ഷ്യപത്രം 2015-16

കെ എസ് എ എം പി എം 27/2500/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 01-10-2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂർക്കനാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# Annexure1

# Audit certificate

AUDIT CERTIFICATE 2015-16

No. KSA/MPM/M27/2500/2016

Kerala State Audit Department

District Audit office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 01-10-2016

Certified that I have audited the Annual Financial Statement of Moorkkanad Grama panchayath in Malappuram District of the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Moorkkanad Grama panchayath for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Malappuram